**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3709 — 20.06.2019- ൽ മറുപടിയ്ക്ക്

## സായംപ്രഭ പദ്ധതി

ചോദ്യം — മറുപടി

ശ്രീ.പി.ഉണ്ണി
ശ്രീ.വി.അബ്ദുറഹിമാൻ
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.എൻ.വിജയൻപിള്ള.

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനും പരിപാലനത്തിനുമായി 'സായംപ്രഭ' പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വൃദ്ധമന്ദിരങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളുടെയും മറ്റ് ഏജൻസികളുടെയും സഹായ-ത്തോടെ പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തെക്കുറിച്ച് അവബോധം നൽകുന്നതിന് ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് | (സി) | വാർദ്ധക്യമാകുന്നത് തുടർച്ചയായ ഒരു പ്രക്രിയയാണെന്നും ഏതെങ്കിലും നിശ്ചിത പ്രായത്തിൽ പൊടുന്നനെ സംഭവിക്കുന്ന ഒന്നല്ല എന്നും ഉള്ള |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തിയിട്ടുള്ളത്: | | വസ്തുത ഉൾക്കൊണ്ടുകൊണ്ട് സ്കൂൾ തലം മുതലുള്ള വിവിധ തലങ്ങളിൽ വിവിധ വയോജന പ്രശ്നങ്ങളെക്കുറിച്ചും, ആരോഗ്യപരവും ക്രിയാത്മകവുമായ വാർദ്ധക്യം എങ്ങനെ കെട്ടിപ്പടുക്കാം എന്നതിനെക്കുറിച്ചും ഉള്ള ബോധവത്ക്കരണം നടത്തുന്നതിനുള്ള പദ്ധതികളും മറ്റ് പ്രവർത്തനങ്ങളും സായംപ്രഭ പദ്ധതിയ്ക്ക് കീഴിൽ നടത്തിവരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് ആശ്വാസമേകുന്നതിന് എന്തെല്ലാം പുനരധിവാസ നടപടികളാണ് ഈ പദ്ധതിപ്രകാരം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് 2018 ലുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ പ്രളയത്തിൽപ്പെട്ട മുതിർന്ന പൗരന്മാർക്കുള്ള ആശ്വാസ പുനരധിവാസ പരിപാടികൾ 2019-20 വർഷത്തെ സായംപ്രഭാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**വൃദ്ധമന്ദിരങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എൻ.ജി.ഒ. കളുടെയും മറ്റ് ഏജൻസികളുടെയും സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ.**

- സംസ്ഥാനത്തെ വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ശാരീരികവും മാനസികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്നതിന് നടത്തുന്ന **മ്യൂസിക് തെറാപ്പി**.
- വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പാക്കുന്ന **യോഗാ തെറാപ്പി.**
- സംസ്ഥാനത്തെ വൃദ്ധസദനങ്ങളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള HLFPPT (Hindustan Liver Family Planning and Promotion Trust) -യുമായി ചേർന്ന് നടപ്പാക്കുന്ന **സെക്കന്റ് ഇന്നിംഗ്സ് പ്രോജക്ട്.**
- സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്കും ജീവനക്കാർക്കും ക്രിയാത്മകമായ മാനസിക സ്ഥിതി നിലനിർത്തി ഉത്സാഹവും ഉണർവും പ്രദാനം ചെയ്യുന്നതിന് NIMHANS മായി സഹകരിച്ച് നടപ്പാക്കുന്ന **Psycho Social Care for Elderly in Old age Homes in Kerala Project.**
- ARDSI യുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് എറണാകുളം ജില്ലയിൽ മുഴുവൻ സമയ ഡിമെൻഷ്യാ കെയർ സെന്റർ, തൃശ്ശൂർ ജില്ലയിൽ പകൽ പരിപാലന ഡേ കെയർ സെന്റർ എന്നിവ വകുപ്പിന്റെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.
- സംസ്ഥാനത്തെ ഗവ.വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് വഴി നടപ്പാക്കുന്ന **വയോ അമൃതം** പദ്ധതി.

**സെക്ഷൻ ഓഫീസർ**